റബ്ബർ, തേയില, കാപ്പി തോട്ടങ്ങളിലെ ലോക്കൗട്ട്

29 (*207) ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ എത്ര റബ്ബർ-തേയില-കാപ്പി തോട്ടങ്ങൾ ലോക്കൗട്ട് ചെയ്തിട്ടുണ്ട് ; അവ ഏതെല്ലാം ;

(ബി) ഇതുമൂലം എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു ;

(സി) ഇവ ലോക്കൗട്ട് ചെയ്യുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഇവയുടെ ലോക്കൗട്ട് ഒഴിവാക്കി ജോലി പുനരാരംഭിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്ത് രണ്ട് തേയില തോട്ടങ്ങൾ അടഞ്ഞുകിടപ്പുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൊൻമുടി എസ്റ്റേറ്റും, കൊല്ലം ജില്ലയിലെ പ്രിയ എസ്റ്റേറ്റും.

(ബി) യഥാക്രമം 164 ഉം 140 ഉം തൊഴിലാളികൾ.

(സി) സാമ്പത്തിക പ്രതിസന്ധി കാരണങ്ങളാലാണ് ലോക്കൗട്ട് ചെയ്തിട്ടുള്ളത്.

(ഡി) പൊൻമുടി എസ്റ്റേറ്റ് ലോക്കൗട്ട് ചെയ്തതിനുശേഷം പല തവണ ചർച്ചകൾ നടത്തിയെങ്കിലും അവയൊന്നും ഫലവത്താകാത്തതിനാൽ തൊഴിൽ തർക്ക നിയമം 12(4) വകുപ്പു പ്രകാരമുള്ള അനുരഞ്ജനപരാജയ റിപ്പോർട്ട് വകുപ്പ് 10(1) (ഡി) അനുസരിച്ച് കൊല്ലം വ്യവസായ ട്രൈബ്യൂണലിനു വിടുന്ന കാര്യം പരിശോധിച്ചു വരുന്നു. പ്രിയ എസ്റ്റേറ്റ് തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ടി തൊഴിൽ വകുപ്പിലെ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ തലത്തിൽ പല തവണ അനുരഞ്ജന ചർച്ചകൾ നടത്തിയെങ്കിലും ഫലവത്താകാത്തതിനാൽ വ്യവസായ തൊഴിൽ തർക്ക നിയമത്തിലെ 12(4) വകുപ്പുപ്രകാരം അനുരഞ്ജന പരാജയ റിപ്പോർട്ട് വകുപ്പ് 10(1) ഡി അനുസരിച്ച് കൊല്ലം വ്യവസായ ട്രൈബ്യൂണലിന് തീർപ്പിനായി അയച്ചിട്ടുണ്ട്.

വൻകിട ജലസേചനപദ്ധതികളുടെ നിർമ്മാണ ചെലവ്

30 (*208) ശ്രീമതി രാധാ രാഘവൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും വൻകിട ജലസേചനപദ്ധതികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly